ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ അടച്ചു പൂട്ടുന്ന പ്രത്യേക സാഹചര്യങ്ങൾ ഒന്നും നിലവിലില്ല. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ തുടർച്ചയായി ധനസഹായം നൽകിയിട്ടും നഷ്ടത്തിലായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി വിപണിയിൽ നിന്നു നേരിടുന്ന നിയന്ത്രണ വിധേയമല്ലാത്ത മത്സരംമൂലവും പുതിയ സാങ്കേതികവിദ്യയുടെ അഭാവം, കാലഹരണപ്പെട്ട ഉൽപ്പന്നങ്ങൾ എന്നീ കാരണങ്ങളാൽ മത്സരക്ഷമതയില്ലാത്തതുമാണ് ചില പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ.

(സി) വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

113 [464] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്തു എത്ര വ്യവസായ സ്ഥാപങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര; ഇടത്തരം വൻകിട സ്ഥാപനങ്ങൾ എത്ര;

(സി) ഇതുമൂലം എത്ര പേർക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് ചെറുകിട മേഖലയിൽ 3531 യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഇടത്തരം/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly